മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി കൂടുന്ന അവലോകന യോഗങ്ങളിൽ പദ്ധതി നടത്തിപ്പു സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുന്ന തടസ്സങ്ങൾ തരണംചെയ്യുന്നതിനും വകുപ്പുകളുടെ ഏകോപനത്തിനുംവേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നതാണ്.

(ബി&സി) സർക്കാരുകൾ മാറിമാറി വരുന്നതനുസരിച്ച് പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും മാറ്റുന്നത് തടയുന്നതിനാവശ്യമായ നിർദ്ദേശ ങ്ങളൊന്നും പരിഗണനയിലില്ല.

ദേശീയപാതാ വികസനം

14 (*13) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതാ വികസനം സംബന്ധിച്ച് സംസ്ഥാന സർക്കാർ നയം വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ രണ്ടു പ്രാവശ്യത്തെ സർവ്വകക്ഷിയോഗങ്ങളുടെ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ സർക്കാർ എത്ര ദൂരം മുന്നോട്ടു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പുനരധിവസിക്കപ്പെടുന്നവർക്ക് അർഹമായ പരമാവധി നഷ്ടപരിഹാരം നല്കുവാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) :

(എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച്.17-ഉം എൻഎച്ച് 47-ഉം 45 മീറ്റർ വിതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റു ദേശീയപാതകൾ പേവ്ഡ് ഷോൾഡ റോടുകൂടിയ രണ്ടുവരിപ്പാതകളായും നിർമ്മിക്കാനുദ്ദേശിക്കുന്നു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന ദേശീയപാതാവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്.

(ബി) ദേശീയപാതാവികസനം സംബന്ധിച്ച് മൂന്ന് സർവ്വകക്ഷിയോഗങ്ങൾ നടന്നിട്ടുണ്ട്. ആദ്യയോഗത്തിൽ പാതയുടെ വീതി 30 മീറ്റർ മതിയെന്ന് അഭിപ്രായമുയരുകയും ദേശീയപാതാ വികസനത്തിനായി നടന്നുകൊണ്ടിരുന്ന സ്ഥലമെടുപ്പ് നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. മുപ്പതുമീറ്റർ വീതിയിൽ പാത വികസിപ്പിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ തള്ളിയ സാഹചര്യത്തിൽ രണ്ടാമത്തെ യോഗത്തിൽ ദേശീയപാത 45 മീറ്റർ വീതിയിൽ വികസിപ്പിക്കാൻ തീരുമാനിക്കുകയും, പദ്ധതി ബാധിതർക്കായുള്ള സമഗ്രമായ പുനരധിവാസപാക്കേജ് തയ്യാറാക്കി

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ പൊതുമരാമത്തു വകുപ്പ് മന്ത്രിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സംസ്ഥാന സർക്കാർ സമർപ്പിച്ച പുനരധിവാസപാക്കേജ് ആ രൂപത്തിൽ അംഗീകരിക്കാനാവില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിനെത്തുടർന്ന് വിളിച്ചുചേർത്ത മൂന്നാമത്തെ യോഗത്തിൽ ദേശീയപാതാ നിയമപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയില്ലാത്ത പദ്ധതി ബാധിതർക്കു കൂടിയുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നകാര്യം പരിശോധിക്കാനും, ഇതിനുവേണ്ടിവരുന്ന തുക കണ്ടെത്താൻ കേന്ദ്രസഹായം അഭ്യർത്ഥിക്കാനും തീരുമാനിച്ചു.

(സി) രണ്ടാമത്തെ യോഗതീരുമാനപ്രകാരം പദ്ധതി ബാധിതരാകുന്ന എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു പുനരധിവാസപാക്കേജ് 20-9-2010-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ദേശീയപാതാ നിയമപ്രകാരം, വസ്തുവിന്റേയും, കെട്ടിടത്തിന്റേയും ഉടമകൾക്ക് മാത്രമേ നഷ്ടപരിഹാരം നല്കാൻ സാധിക്കുകയുള്ളുവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്. കേന്ദ്ര നിയമത്തിന്റെ പരിധിയിൽപ്പെടാത്ത വിഭാഗങ്ങൾക്കുള്ള നഷ്ടപരിഹാരം സംസ്ഥാന സർക്കാർതന്നെ നല്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. ഇതിനായി കേന്ദ്രസഹായം തേടുന്നകാര്യവും പരിഗണനയിലുണ്ട്.

(ഡി) പുനരധിവസിക്കപ്പെടുന്നവർക്ക് പരമാവധി നഷ്ടപരിഹാരം നല്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ഗോസമൃദ്ധി, ക്ഷീരധാര പദ്ധതികൾ

15 (*14) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. മുരളി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഗോ സമൃദ്ധി', 'ക്ഷീരധാര' എന്നീ പദ്ധതികളിലൂടെ പ്രതിവർഷം ക്ഷീരോൽപ്പാദനത്തിൽ എന്ത് വർദ്ധനവ് കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന ഹൈടെക് ഫാമുകളുടെ പ്രവർത്തനത്തിലൂടെ പ്രതിവർഷം ക്ഷീരോൽപ്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടാക്കാൻ കഴിയുമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly